# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5592 — 02.11.2016 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളുടെ സംയോജനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.തോമസ്<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.അൻവർ സാദത്ത് | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) എല്ലാത്തരം സഹകരണ ബാങ്കുകളെയും സംയോജിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) എല്ലാത്തരം സഹകരണ ബാങ്കുകളേയും സംയോജിപ്പിക്കാൻ തീരുമാനമെടുത്തിട്ടില്ല. സംസ്ഥാന സഹകരണ ബാങ്കിനേയും 14 ജില്ലാ സഹകരണ ബാങ്കുകളേയും സംയോജിപ്പിച്ചുകൊണ്ട് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യത പഠിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) സംയോജനം സംസ്ഥാനത്തിന്റെ വികസനത്തിന് എത്രമാത്രം ഗുണകരമാകുമെന്നാണ് കരുതുന്നത്; വിവരിക്കുമോ; | (ബി) സംസ്ഥാന-ജില്ല സഹകരണ ബാങ്കുകളുടെ സംയോജനം ആവർത്തിത/ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും, ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നത് കൂടാതെ പലിശ നിരക്കിലും ഗണ്യമായ കുറവ് സാധ്യമാക്കുമെന്നതിനാൽ സഹകരണ ബാങ്കുകളുടെ വായ്പാ വിഹിതം വർദ്ധിപ്പിക്കുവാൻ ഇടയാക്കും. വായ്പാക്കാരുടെ പലിശ ബാധ്യത കുറയ്ക്കാൻ സഹായിക്കും. അതിന്റെ ഫലമായി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥക്ക് ഒരു പുത്തൻ ഉണർവ്വ് നൽകുവാൻ സാധിക്കും. കൂടാതെ പലിശ കുറഞ്ഞ വായ്പയുടെ ലഭ്യത, കാർഷിക, പരമ്പരാഗത തൊഴിൽ, സ്വയം തൊഴിൽ മേഖലകളിലടക്കം ഒരു സാമ്പത്തിക ചാലക ശക്തിയായി വർത്തിക്കുവാൻ പര്യാപ്തമാക്കും.<br>സംസ്ഥാനത്ത് ധനനിക്ഷേപങ്ങളും, ക്രെഡിറ്റും വളർത്തിക്കൊണ്ട് വരുന്നതിന് പ്രസ്തുത |

ബാങ്കിന് ക്രിയാത്മകമായ പങ്ക് വഹിക്കുവാനാകും. സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽ നിന്നും പാവപ്പെട്ടവരെ ഒരു പരിധി വരെ രക്ഷിക്കുവാനും പ്രാദേശിക വികസനം ഗണ്യമായി ഉയർത്തുന്നതിനും ഇതുവഴി കഴിയും. സഹകരണ ബാങ്കുകൾക്ക് നിലവിലുള്ള പല പരിമിതികളും ലയനത്തിലൂടെ മറികടക്കാനാവും.

സംയോജനത്തിലൂടെ ബാങ്കിന്റെ ആസ്തി വർദ്ധിക്കുന്നതിനാൽ ബാങ്കിംഗ് മേഖലയിലെ മറ്റ് സ്ഥാപനങ്ങളുമായി ആരോഗ്യകരമായ മത്സരം നടത്തുവാനും, സംസ്ഥാനത്തിന്റെ വികസനത്തിൽ ശക്തമായ കുതിച്ചുചാട്ടം സാധ്യമാക്കുന്ന പല സുപ്രധാന പദ്ധതികളിൽ നിർണ്ണായകമായ പങ്ക് വഹിക്കുവാനും, പ്രസ്തുത ബാങ്കിന് സാധിക്കും എന്നാണ് കരുതുന്നത്.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെല്ലാം പഠനം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന്റെ വിവിധ വശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ബാംഗളൂരു, ഐ.ഐ.എം. പ്രൊഫസർ ശ്രീ.എം.എസ്.ശ്രീറാം ചെയർമാനായി ഒരു 5 അംഗ വിദഗ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) സഹകരണ ബാങ്കുകളുടെ സംയോജനം നടപ്പാക്കുന്നതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി) സാദ്ധ്യതാ പഠനത്തിനായി ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ